പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 270 — 15/02/2013-ൽ മറുപടിക്ക്

വിദ്യാർത്ഥികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഈ അദ്ധ്യയനവർഷം സംസ്ഥാനത്തെ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കും ഏകീകൃത തിരിച്ചറിയൽ കാർഡ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഈ തീരുമാനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ, ഇല്ലെങ്കിൽ എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കും ഏകീകൃത തിരിച്ചറിയൽ കാർഡ് (ആധാർ) ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണിപ്പോൾ. 2013 മാർച്ച് 31-ന് മുമ്പ് ഇത് പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. |
| (ബി) അൺ എയ്ഡഡ് സ്കൂളുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ, തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിന് ആരെയെല്ലാമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (ബി) ഉണ്ട്. തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നത് UID Authority of India ആണ്. സ്കൂൾ കുട്ടികളുടെ ഏകീകൃത തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ പ്രത്യേകിച്ച് ആരെയും ഇതുവരെ ചുമതലപ്പെടുത്തിയിട്ടില്ല. |
| (സി) ഈ അദ്ധ്യയന വർഷം ഇതുവരെ ഓരോ ജില്ലയിലും എത്ര ശതമാനം വിദ്യാർത്ഥികൾക്കു | (സി) വിദ്യാർത്ഥികൾക്ക് ഏകീകൃത തിരിച്ചറിയൽ രേഖ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ 2013 മാർച്ച് 31-നകം പൂർത്തീകരി |

| | |
|---|---|
| കാർഡ് നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയുള്ളവർക്ക് സമയബന്ധിതമായി ഇത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ക്കുന്നതിനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. ഓരോ സ്കൂളിലെയും വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന എൻറോൾമെന്റ് ഐഡി/യുഐഡി ഓൺലൈനിൽ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം www.education.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. സ്കൂളുകളിൽ യുഐഡി പ്രവർത്തനങ്ങൾ ഓരോ ദിവസവും നടക്കുന്നതിനാൽ 11.02.2013 വരെ ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തിയതിന്റെ ജില്ലതിരിച്ചുള്ള ശതമാനകണക്ക് അനുബന്ധമായി ചേർക്കുന്നു.<br>സംസ്ഥാനത്തെ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കും 2013 മാർച്ച് 31-നകം ഏകീകൃത തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടപ്പിലാക്കിവരികയാണ്. |

Sreedevi

**സെക്ഷൻ ഓഫീസർ**

UID

**Entry Status - State wise** up to 11.2.2013

| DISTRICT | TOTAL SCHOOL | DATA ENTERED SCHOOL | TOTAL DIVISION | TOTAL STUDENTS | DATA ENTERED STUDENTS | UID | EID | NONE |
|---|---|---|---|---|---|---|---|---|
| Thiruvananthapuram | 1019 | 699 (68.6%) | 9424 | 280328 | 231317 (82.52%) | 61879 (26.75%) | 118318 (51.15%) | 51120 (22.1%) |
| Kollam | 928 | 578 (62.28%) | 6741 | 189554 | 141892 (74.86%) | 13988 (9.86%) | 83546 (58.88%) | 44358 (31.26%) |
| Pathanamthitta | 754 | 727 (96.42%) | 5129 | 100050 | 94814 (94.77%) | 23796 (25.1%) | 56189 (59.26%) | 14829 (15.64%) |
| Alappuzha | 777 | 673 (86.62%) | 6930 | 191377 | 172462 (90.12%) | 26954 (15.63%) | 93606 (54.28%) | 51902 (30.09%) |
| Kottayam | 928 | 823 (88.69%) | 7539 | 181366 | 165341 (91.16%) | 25102 (15.18%) | 103295 (62.47%) | 36944 (22.34%) |
| Idukki | 520 | 352 (67.69%) | 4006 | 92950 | 74032 (79.65%) | 4898 (6.62%) | 45462 (61.41%) | 23672 (31.98%) |
| Ernakulam | 1040 | 1004 (96.54%) | 10998 | 298890 | 283765 (94.94%) | 51179 (18.04%) | 223903 (78.9%) | 8683 (3.06%) |
| Thrissur | 1026 | 930 (90.64%) | 11190 | 343261 | 325054 (94.7%) | 29694 (9.14%) | 180710 (55.59%) | 114650 (35.27%) |
| Palakkad | 1008 | 889 (88.19%) | 11036 | 346955 | 289455 (83.43%) | 31154 (10.76%) | 216490 (74.79%) | 41811 (14.44%) |
| Malappuram | 1523 | 794 (52.13%) | 14572 | 493542 | 295787 (59.93%) | 21033 (7.11%) | 189339 (64.01%) | 85415 (28.88%) |
| Kozhikode | 1259 | 1049 (83.32%) | 11761 | 352887 | 277863 (78.74%) | 25891 (9.32%) | 139098 (50.06%) | 112874 (40.62%) |
| Wayanad | 311 | 305 (98.07%) | 3554 | 118375 | 111524 (94.21%) | 6131 (5.5%) | 84764 (76.01%) | 20629 (18.5%) |
| Kannur | 1310 | 1218 (92.98%) | 11450 | 286368 | 259236 (90.53%) | 9324 (3.6%) | 198450 (76.55%) | 51462 (19.85%) |
| Kasaragod | 576 | 571 (99.13%) | 6261 | 180989 | 169260 (93.52%) | 3289 (1.94%) | 64129 (37.89%) | 101842 (60.17%) |
| Total | **12979** | **10612 (81.76%)** | **120591** | **3456892** | **2891802 (83.65%)** | **334312 (11.56%)** | **1797299 (62.15%)** | **760191 (26.29%)** |

Sreedevi